(സി) ട്രോളിംഗ് നിരോധനം കഴിച്ചുള്ള മാസങ്ങളിൽ ആകെ 40 ലക്ഷം രൂപയോളം കിട്ടാറുണ്ട്. ഫിഷിംഗ് ബോട്ടുകൾക്ക് മണ്ണെണ്ണ അനുവദിക്കാറില്ല.

അക്വാകൾച്ചർ തസ്തികയിലെ നിയമനം

90 [3677] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ 19 അക്വാകൾച്ചർ തസ്തികയിലേക്ക് നിയമനത്തിനായി പി. എസ്. സി. മുഖേന അപേക്ഷ ക്ഷണിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തിക ഫിഷറീസ് വകുപ്പിൽ നിലവിലില്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിയമന പ്രക്രിയ റദ്ദുചെയ്യുവാൻ പി. എസ്. സി.-യോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 6 ഓരുജല മത്സ്യക്കർഷക വികസന ഏജൻസികൾക്കുവേണ്ടി സൃഷ്ടിച്ച് 19 അക്വാകൾച്ചർ വിദഗ്ദ്ധരുടെ തസ്തികകൾ മത്സ്യബന്ധന വകുപ്പിന്റെ തസ്തികകളായി പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(സി) ഈക്കാര്യത്തിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നത് വരെ നിയമന നടപടികൾ നിർത്തിവയ്ക്കാൻ പി.എസ്സ്.സി.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഫിഷറീസ് വകുപ്പിൽ സബ് ഇൻസ്പെക്ടറായി നിയമനം ലഭിക്കുന്നതിനുള്ള യോഗ്യത

91 [3678] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ സബ് ഇൻസ്പെക്ടറായി നിയമനം ലഭിക്കുന്നതിനുള്ള യോഗ്യത എന്താണെന്ന് പറയാമോ;

(ബി) മത്സ്യഭവന ഓഫീസേഴ്സായി പ്രൊമോഷൻ ലഭിക്കുന്നതിനുള്ള യോഗ്യത എന്താണെന്ന് അറിയിക്കാമോ;

(സി) എം.എസ്.സി. ഇൻഡസ്ട്രിയൽ ഫിഷറീസ് ബി.എഫ്.എസ്സി.-ക്ക് തുല്യമാണോ;

LIBRARY ARCHIVES Kerala Legislative Assembly